ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഈ പദ്ധതികളും കേന്ദ്രാനുമതിയോടുകൂടിയാണ് മൂന്നാം പഞ്ചവൽസരപദ്ധതിയിൽ ചേർത്തിട്ടുള്ളത്. എന്നാൽ ഇവയുടെ പ്രോജക്ട് റിപ്പോർട്ടുകൾക്ക് ക്ലീയറൻസ് ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഉദ്ദേശം 2,62,800 ഏക്കറിനു്.

സി) ഉദ്ദേശം 2599.17 ലക്ഷം രൂപാ.

മി. സ്പീക്കർ : ചോദ്യങ്ങൾ 11–ാം, 12-ാം കൂടി ഉത്തരം പറയണം.

ഇറിഗേഷൻ പദ്ധതികൾ

* 544. [11] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവണ്മെൻറ് കേരളത്തിൽ ആരംഭിക്കുവാൻ അനുവദിച്ചിട്ടുള്ള ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണു്;

(ബി) അവയിൽ ഏതെല്ലാം ആരംഭിച്ചുകഴിഞ്ഞു ;

(സി) പ്രോജക്ടുകളുടെ പുരോഗതി ഇന്നു് ഒരു അനിശ്ചിതാവസ്ഥയിൽ ആണോ ;

(ഡി) കറ്റാടി ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു ;

(ഈ) ആ പദ്ധതിക്കു് എത്ര സംഖ്യയായിരുന്നു അനുവദിച്ചതു് ;

(എഫ്) ഇപ്പോൾ കൂടുതലായി വല്ല സംഖ്യയും കേന്ദ്രഗവണ്മെൻറു് തരുവാനുദ്ദേശിച്ചിട്ടുണ്ടോ ;

(ജി) ഈ പദ്ധതിയുടെ പ്രവർത്തനം മൂന്നാം പദ്ധതികാലത്തുതന്നെ ഉൾക്കൊള്ളിച്ചുതീർക്കുവാൻ സാധിക്കുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) മൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്തു് പുതുതായി ആരംഭിക്കുവാൻ അനുവദിച്ചിട്ടുള്ളതു് താഴെ പറയുന്ന 6 പദ്ധതികളാണു്.

1. കല്ലട.
2. പമ്പ.
3. കറ്റാടി.
4. ചിറ്റൂർപുഴ.
5. കാഞ്ഞിരപ്പുഴ.
6. വളപട്ടണം (പഴശ്ശി)

(ബി) എല്ലാത്തിന്റേയും പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു തുടർന്നു വരുന്നു.

(സി) അല്ല.

(ഡി) പ്രാരംഭജോലികൾ തുടർന്നുവരുന്നു.

(ഈ) മൂന്നാം പഞ്ചവൽസരപദ്ധതിക്കാലത്തേക്കു് മൊത്തം 30 ലക്ഷം രൂപായും, 63–64 സാമ്പത്തികവർഷത്തിലേക്കു് 2 ലക്ഷം രൂപായും.

(എഫ്) ഇല്ല.

(ജി) സാമ്പത്തിക പരിമിതികൾക്കുള്ളിൽ കഴിയുന്നത്ര ഉൾക്കൊള്ളിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly